# തപസ്സുകാലം - 1

പു: കർത്താവു നിങ്ങളോടുകൂടെ

Thomas Kalathil/ 2016

ജ: അങ്ങയോടും കൂടെ

പു: ഹൃദയം കർത്താവിങ്കലേയ്ക്കുയർത്തുവിൻ
ജ: ഇതാ! ഞങ്ങൾ ഉയർത്തിയിരിക്കുന്നു.

പു: നമ്മുടെ കർത്താവായ ദൈവത്തിനു നന്ദി പ്രകാശിപ്പിക്കാം
ജ: അത് ഉചിതവും ന്യായവുമത്രേ.

സർവ്വേശ്വരാ, പരിശുദ്ധനായ പിതാവേ,
സർവ്വശക്തനും നിത്യനുമായ ദൈവമേ,
ഞങ്ങളുടെ കർത്താവായ ക്രിസ്തുവഴി,
എങ്ങുമെപ്പോഴും അങ്ങേയ്ക്കു ഞങ്ങൾ കൃതജ്ഞത അർപ്പിക്കുക
ഉചിതവും ന്യായവും യോഗ്യവും രക്ഷാകരവുമാണല്ലോ

നിർമ്മലമാനസരായി ആഹ്ലാദപൂർവ്വം
ആണ്ടുതോറും പെസഹാരഹസ്യങ്ങൾ പ്രതീക്ഷിക്കുവാൻ
അങ്ങയുടെ ഭക്തജനങ്ങൾക്ക് അങ്ങ് വരമരുളുന്നുവല്ലോ.
ഞങ്ങളുടെ നവജന്മത്തിനു കാരണമായ
ദിവ്യരഹസ്യങ്ങളിൽ പങ്കുചേർന്ന്,
ഭക്തകൃത്യങ്ങളും പരസ്നേഹപ്രവൃത്തികളും
കൂടുതൽ തീക്ഷ്ണതയോടെ ചെയ്തുകൊണ്ട്,
അങ്ങയുടെ മക്കൾക്കായുള്ള അനുഗ്രഹങ്ങളുടെ
പൂർണ്ണിമയിലെത്തിച്ചേരുവാൻ അങ്ങു കൃപയരുളുന്നു.

ആകയാൽ, ദൂതന്മാർ, മുഖ്യദൂതന്മാർ, ഭദ്രാസനന്മാർ, അധീശന്മാർ
തുടങ്ങിയ എല്ലാ സ്വർഗ്ഗീയവൃന്ദങ്ങളോടുംചേർന്ന്
അങ്ങയുടെ മഹത്വത്തെ പ്രകീർത്തിച്ച്
ഞങ്ങൾ അവിരാമം ആലപിക്കുന്നു:

# തപസ്സുകാലം - 2

പു: കർത്താവു നിങ്ങളോടുകൂടെ Thomas Kalathil/ 2016
ജ: അങ്ങയോടും കൂടെ

പു: ഹൃദയം കർത്താവിങ്കലേയ്ക്കുയർത്തുവിൻ
ജ: ഇതാ! ഞങ്ങൾ ഉയർത്തിയിരിക്കുന്നു.

പു: നമ്മുടെ കർത്താവായ ദൈവത്തിനു നന്ദി പ്രകാശിപ്പിക്കാം
ജ: അത് ഉചിതവും ന്യായവുമത്രേ.

സർവ്വേശ്വരാ, പരിശുദ്ധനായ പിതാവേ,
സർവ്വശക്തനും നിത്യനുമായ ദൈവമേ,
ഞങ്ങളുടെ കർത്താവായ ക്രിസ്തുവഴി,
എങ്ങുമെപ്പോഴും അങ്ങേയ്ക്കു ഞങ്ങൾ കൃതജ്ഞത അർപ്പിക്കുക
ഉചിതവും ന്യായവും യോഗ്യവും രക്ഷാകരവുമാണല്ലോ

അങ്ങയുടെ മക്കളായ ഞങ്ങളെ വിശുദ്ധീകരിക്കുവാനായി
രക്ഷാകരമായ തപസ്സുകാലം അങ്ങ് കല്പിച്ചു നൽകുന്നു.
ദുരാഗ്രഹങ്ങളിൽനിന്ന് മുക്തിനേടി,
നശ്വരവസ്തുക്കളിൽ ലയിക്കാതെ,
അനശ്വരമായവയിൽ മുഴുകുവാൻ
അനുഗ്രഹിക്കുകയും ചെയ്യുന്നു.

ആകയാൽ എല്ലാ മാലാഖമാരോടും വിശുദ്ധരോടും ചേർന്ന്
അങ്ങയെ സ്തുതിച്ചുകൊണ്ട്
ഞങ്ങളും അവിരാമം ആലപിക്കുന്നു:

# തപസ്സുകാലം - 3

പു: കർത്താവു നിങ്ങളോടുകൂടെ Thomas Kalathil/ 2016
ജ: അങ്ങയോടും കൂടെ

പു: ഹൃദയം കർത്താവിങ്കലേയ്ക്കുയർത്തുവിൻ
ജ: ഇതാ! ഞങ്ങൾ ഉയർത്തിയിരിക്കുന്നു.

പു: നമ്മുടെ കർത്താവായ ദൈവത്തിനു നന്ദി പ്രകാശിപ്പിക്കാം
ജ: അത് ഉചിതവും ന്യായവുമത്രേ.

സർവ്വേശ്വരാ, പരിശുദ്ധനായ പിതാവേ,
സർവ്വശക്തനും നിത്യനുമായ ദൈവമേ,
ഞങ്ങളുടെ കർത്താവായ ക്രിസ്തുവഴി,
എങ്ങുമെപ്പോഴും അങ്ങേയ്ക്കു ഞങ്ങൾ കൃതജ്ഞത അർപ്പിക്കുക
ഉചിതവും ന്യായവും യോഗ്യവും രക്ഷാകരവുമാണല്ലോ

ആത്മപരിത്യാഗംവഴി അങ്ങയെ ഞങ്ങൾ
മഹത്വപ്പെടുത്തണമെന്നാണല്ലോ
അങ്ങയുടെ തിരുവുള്ളം.
പാപികളായ ഞങ്ങളുടെ അഹങ്കാരം അമർത്തുന്നതിനും,
വിശപ്പുമൂലം അവശതയനുഭവിക്കുന്നവർക്ക്
ആഹാരം ലഭ്യമാക്കിക്കൊണ്ട്,
അങ്ങയുടെ ഔദാര്യത്തെ ഞങ്ങൾ അനുകരിക്കുന്നതിനും
ഈ പരിത്യാഗം ഉപകരിക്കുമല്ലോ.

ആകയാൽ എല്ലാ മാലാഖമാരോടും ചേർന്ന്
അങ്ങയെ മഹത്വപ്പെടുത്തി
ഞങ്ങൾ സ്തുതിഗീതികൾ ആലപിക്കുന്നു:

# തപസ്സുകാലം - 4

പു: കർത്താവു നിങ്ങളോടുകൂടെ Thomas Kalathil/ 2016
ജ: അങ്ങയോടും കൂടെ

പു: ഹൃദയം കർത്താവിങ്കലേയ്ക്കുയർത്തുവിൻ
ജ: ഇതാ! ഞങ്ങൾ ഉയർത്തിയിരിക്കുന്നു.

പു: നമ്മുടെ കർത്താവായ ദൈവത്തിനു നന്ദി പ്രകാശിപ്പിക്കാം
ജ: അത് ഉചിതവും ന്യായവുമത്രേ.

സർവ്വേശ്വരാ, പരിശുദ്ധനായ പിതാവേ,
സർവ്വശക്തനും നിത്യനുമായ ദൈവമേ,
ഞങ്ങളുടെ കർത്താവായ ക്രിസ്തുവഴി,
എങ്ങുമെപ്പോഴും അങ്ങേയ്ക്കു ഞങ്ങൾ കൃതജ്ഞത അർപ്പിക്കുക
ഉചിതവും ന്യായവും യോഗ്യവും രക്ഷാകരവുമാണല്ലോ

തപസ്സുകാലത്തെ ഉപവാസത്താൽ
അങ്ങു ഞങ്ങളുടെ ദുർഗുണങ്ങളെ അമർത്തുകയും,
മനസ്സിനെ ഉയർത്തുകയും ഞങ്ങളെ ശക്തിപ്പെടുത്തുകയും
ഞങ്ങൾക്ക് പ്രതിഫലം നല്കുകയും ചെയ്യുന്നുവല്ലോ.

ക്രിസ്തുവിലൂടെ ദിവ്യദൂതന്മാർ അങ്ങയെ വാഴ്ത്തുന്നു,
അധീശന്മാർ ആരാധിക്കുന്നു, ആധികാരികന്മാർ ഭയഭക്തിപൂർവ്വം
നിലകൊള്ളുന്നു; ശാക്തികന്മാരും ധന്യരായ ഭക്തിജ്വാലകന്മാരും,
സ്വർഗ്ഗസ്ഥരേവരും ആഹ്ലാദഭരിതരായി ഒന്നുചേർന്ന്,
അങ്ങയെ പാടിസ്തുതിക്കുന്നു.
അവരുടെ ഗാനത്തോടു ഞങ്ങളുടെ എളിയസ്വരവും ചേരുവാൻ
അനുവദിക്കണമെന്ന് അപേക്ഷിച്ചുകൊണ്ട്,
ഞങ്ങളും താഴ്മയോടെ അപേക്ഷിക്കുന്നു:

# കർത്താവിന്റെ പീഢാസഹനം -1

(തപസ്സുകാലം 5-ാം വാരം/ കുരിശിന്റെ തിരുനാൾ)

Thomas Kalathil/ 2016

പു: കർത്താവു നിങ്ങളോടുകൂടെ
ജ: അങ്ങയോടും കൂടെ

പു: ഹൃദയം കർത്താവികലേയ്ക്കുയർത്തുവിൻ
ജ: ഇതാ! ഞങ്ങൾ ഉയർത്തിയിരിക്കുന്നു.

പു: നമ്മുടെ കർത്താവായ ദൈവത്തിനു നന്ദി പ്രകാശിപ്പിക്കാം
ജ: അത് ഉചിതവും ന്യായവുമത്രേ.

സർവ്വേശ്വരാ, പരിശുദ്ധനായ പിതാവേ,
സർവ്വശക്തനും നിത്യനുമായ ദൈവമേ,
ഞങ്ങളുടെ കർത്താവായ ക്രിസ്തുവഴി,
എങ്ങുമെപ്പോഴും അങ്ങേയ്ക്കു ഞങ്ങൾ കൃതജ്ഞത അർപ്പിക്കുക
ഉചിതവും ന്യായവും യോഗ്യവും രക്ഷാകരവുമാണല്ലോ

അങ്ങയുടെ ദിവ്യസുതന്റെ രക്ഷാകരമായ പീഢാസഹനംവഴി
സകലജനങ്ങൾക്കും അങ്ങയുടെ
അനന്തമഹിമ പ്രഖ്യാപിക്കുന്നതിനു ഭാഗ്യം ലഭിച്ചു;
കുരിശിന്റെ അത്യുല്കൃഷ്ടമായ ശക്തിവിശേഷത്താൽ,
ക്രൂശിതന്റെ ലോകവിജയവും
അവിടുത്തെ ആധിപത്യവും പ്രകടമാകുന്നുവല്ലോ.

ആകയാൽ, എല്ലാ മാലാഖമാരോടും വിശുദ്ധരോടും ചേർന്ന്,
അങ്ങയെ പ്രകീർത്തിച്ചുകൊണ്ട്,
ഞങ്ങൾ ആഹ്ലാദഭരിതരായി ആലപിക്കുന്നു:

# കർത്താവിന്റെ പീഢാസഹനം -2

(വിശുദ്ധവാരത്തിലെ തിങ്കൾ മുതൽ ബുധൻ വരെ)

Thomas Kalathil/ 2016

പു: കർത്താവു നിങ്ങളോടുകൂടെ
ജ: അങ്ങയോടും കൂടെ

പു: ഹൃദയം കർത്താവിങ്കലേയ്ക്കുയർത്തുവിൻ
ജ: ഇതാ! ഞങ്ങൾ ഉയർത്തിയിരിക്കുന്നു.

പു: നമ്മുടെ കർത്താവായ ദൈവത്തിനു നന്ദി പ്രകാശിപ്പിക്കാം
ജ: അത് ഉചിതവും ന്യായവുമത്രേ.

സർവ്വേശ്വരാ, പരിശുദ്ധനായ പിതാവേ,
സർവ്വശക്തനും നിത്യനുമായ ദൈവമേ,
ഞങ്ങളുടെ കർത്താവായ ക്രിസ്തുവഴി,
എങ്ങുമെപ്പോഴും അങ്ങേയ്ക്കു ഞങ്ങൾ കൃതജ്ഞത അർപ്പിക്കുക
ഉചിതവും ന്യായവും യോഗ്യവും രക്ഷാകരവുമാണല്ലോ

ക്രിസ്തുനാഥന്റെ രക്ഷാകരമായ പീഢാസഹനത്തിന്റെയും
മഹനീയമായ പുനരുത്ഥാനത്തിന്റെയും സുദിനങ്ങൾ
ആസന്നമായിരിക്കുന്നു.
അവിടുന്നു ഞങ്ങളുടെ ജന്മശത്രുവിന്റെ
അഹങ്കാരം തകർത്തു വിജയം വരിച്ചതും
രക്ഷാകർമ്മംവഴി ഞങ്ങളെ സമുദ്ധരിച്ചതും
ഈ വേളയിൽ ഞങ്ങൾ അനുസ്മരിക്കുന്നു.

അവിടുന്നുവഴി സർവ്വാധീശനായ അങ്ങയെ മാലാഖവൃന്ദങ്ങൾ
ആനന്ദഭരിതരായി ആരാധിക്കുന്നു;
അവരുടെ ഗാനത്തോടു ഞങ്ങളുടെ എളിയ സ്വരവും ചേരുവാൻ
അനുവദിക്കണമെന്ന് അപേക്ഷിച്ചുകൊണ്ട് ഞങ്ങളും
താഴ്മയോടെ ആലപിക്കുന്നു: